കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)/730/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

Ph.No. 0487 – 2331249
PIN 680 020 തിയ്യതി. 13.06.19

e-mail. id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കുഴൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുഴൂർ ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)730/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 13.06.19

Ph.No. 0487 – 2331249

e-mail. id : dotsr.ksad@kerala.gov.in

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25.07.17 മുതൽ 24.04.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 16 എണ്ണം നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ.എ.,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.04.2019 മുതൽ 4.05.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സിനിലാൽ.എം.ജി.<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുമിത.ടി.എസ്.<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.സ്റ്റാൻലി.പി.എസ്.<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സോന.കെ.സത്യൻ.<br>ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശാന്തകുമാരി പി. | 01/04/2017-31/03/2018 |
| സെക്രട്ടറി | വിജയൻ. പി. വി | 01/04/2017-04/08/2017 FN |

| | | |
|---|---|---|
| | ഹസീബ് അലി. പി.എം | 04/08/2017 AN -31.03.2018 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ക്രമ നം. | പേര് | ഉദ്യോഗപേര് | കാലയളവ് |
|---|---|---|---|
| 1 | ശാന്തകുമാരി പി. | പ്രസിഡന്റ് | 01/04/2017-31/03/2018 |
| 2 | എൻ ഡി പോൾസൻ | വൈസ് പ്രസിഡന്റ് | 01/04/2017-31/03/2018 |
| 3 | വിജയൻ പി വി | സെക്രട്ടറി | 01/04/2017-04/08/2017 FN |
| | ഹസീബ് അലി പി എം | | 04/08/2017 AN-31/03/2018 |
| 4 | അജിത് സി ബി | കൃഷി ഓഫീസർ | 01/04/2017-21/08/2017 FN |
| | ജെലീറ്റ എൽസ ജേക്കബ് | | 21/08/2017 AN - 28/10/2017 FN |
| | ഷബ്ന പടിയത്ത് | | 28/10/2017 AN -14/02/2018 FN |
| | സായിറ ഭാനു | | 14/02/2018 AN-31/03/2018 FN |
| 5 | അജിത് കുമാർ സി ബി | വെറ്റിനറി സർജൻ | 01/04/2017-31/03/2018 |
| 6 | ഡോ.സന്ധ്യാ ദേവി | മെഡിക്കൽ ഓഫീസർ, പിഎച്ച് സി | 01/04/2017-31/03/2018 |
| 7 | ഗിരീഷ് കൃഷ്ണൻ | | 01/04/2017-15/11/2017 FN |
| | സുധ മേനോൻ | | 15/11/2017 AN - 31/03/2018 FN |
| 8 | ശ്രീലത ദേവി കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01/04/2017-31/03/2018 |
| 9 | സതി കെ എ | ഐസിഡിസി സൂപ്പർ വൈസർ | 01/04/2017-02/05/2017 |
| | ജിംസി സി ജോസ് | | 03/05/2017 - 19/09/2017 |
| | ശ്രീദേവി പി എൽ | | 20/09/2017 – 31/03/2018 |
| 10 | ഗ്രേസി ജോസഫ് | അസി.എൻജിനിയർ | 01/04/2017-06/11/2017 |
| | ശശീന്ദ്രൻ കെ | | 06/11/2017 - 02/02/2018 FN |
| | ശ്യാമ കെ എസ് | | 02/02/2018 AN-31/03/2018 |

| | | | |
|---|---|---|---|
| 11 | ശാന്ത പി വി | ഹെഡ് മാസ്റ്റർ ,ജിപിഎസ് കുണ്ടൂര് | 01/04/2017-05/06/2017 FN |
| | സലില കെ എസ് | | 05/06/2017 AN-31/03/2018 |
| 12 | ബിജു സി വി | വി ഇ ഒ കുണ്ടൂർ | 01/04/2017-30/06/2017 |
| | ഒഴിവ് | | 01/06/2017-21/07/17 |
| | മുരളി വി പി | | 22/07/2017 - 31/03/2018 |
| | ഒഴിവ് | വി ഇ ഒ കുഴൂർ | 01/04/2017-31/05/2017 |
| | നിഖിൽ പി വി | | 01/06/2017 - 31/03/2018 |
| 13 | അനില ടി തൈയ്യശൻതേരി | ഡയറി എക്സ്റ്റെൻഷൻ | 01/04/2017-31/03/2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ സംബന്ധിച്ച് | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | രസീതികളുടെ ഉപയോഗം-അപാകതകൾ | 2-1 |
| 14 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 2-2 |
| 15 | ഡി.ആന്റ്.ഒ ലൈസൻസ് നൽകൽ - പൊതു അപാകതകൾ | 2-3 |
| 16 | ലേലം- മൂല്യനിർണ്ണയം നടത്തിയില്ല | 2-4 |
| 17 | അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കേണ്ടതാണ്. | 2-5 |

| | | |
|---|---|---|
| | ഭാഗം-3 | |
| 18 | തൊഴിലുറപ്പ് പദ്ധതി പ്രതിമാസ കൺകറന്റ് ഓഡിറ്റ് നടത്താൻ ഓഡിറ്റ് നടത്താൻ നടപടി സ്വീകരിക്കണം | 3-1 |
| 19 | സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ മുഴുവൻ പൊതു മരാമത്ത് പ്രവൃത്തികൾക്കും തുക നൽകിയില്ല. | 3-2 |
| 20 | ജലനിധി ഗുണഭോക്താക്കളിൽ നിന്നും സമയബന്ധിതമായി വെള്ളക്കരം പിരിച്ചെടുക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ബാധ്യത വർധിക്കുന്നു. | 3-3 |
| 21 | ലാപ്പ് ടോപ്പ് വാങ്ങൽ - ഗുണനിലവാരം ഉറപ്പാക്കിയില്ല | 3-4 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 3-5 |
| 23 | പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി സോഡിയം വേപ്പർ ലാമ്പ് ഉപകരണങ്ങൾ വാങ്ങി. | 3-6 |
| 24 | പഞ്ചായത്ത് ഓഫീസിലേക്ക് യുപിഎസ് ബാറ്ററി വാങ്ങൽ-പഴയ ബാറ്ററികൾ തിരികെ കൊടുത്തില്ല. | 3-7 |
| 25 | ഫോഗിങ്ങ് മെഷീൻ വാങ്ങിയത് ഉപയോഗിച്ചിട്ടില്ല | 3-8 |
| 26 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-ഒരു വ്യക്തിക്ക് ഒരേ ദിവസം രണ്ട് ആവശ്യങ്ങൾക്ക് കാർ വാടക അനുവദിച്ചു. | 3-9 |
| 27 | ഹോമിയോ മരുന്നുകൾ പ്രളയത്തിൽ നശിച്ചു | 3-10 |
| 28 | തുടർസാക്ഷരത,തുല്യതാപഠനം പദ്ധതി - അപാകതകൾ | 3-11 |
| 29 | രശീതി ഹാജരാക്കിയില്ല | 3-12 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം | 4-9 |
| 39 | അനുബന്ധം-1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 40 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് / റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച്

| | |
|---|---|
| പാസ്സാക്കിയ തിയതി | 28/03/2017 |
| കമ്മിറ്റി തീരുമാനം | 1 |
| പ്രതീക്ഷിത വരവ് | ചെലവ് |
| 119524500 | 118746875 |

## 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക 8.5.18 ന് സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി. | സർട്ടിഫിക്കറ്റ് നമ്പർ/തിയതി. |
|---|---|---|
| 2017-18 | 13.6.18-14.6.18 | കെ.എസ്.എ.ടി.എസ്.ആർ (ഇ.3)1150/18(23) |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | 15780363 |
| വരവ് | 53335595 |
| ആകെ | 69115958 |
| ചെലവ് | 62228928 |
| നീക്കിയിരുപ്പ് | 6887030 |

## 1-5 വിവിധ ഫണ്ടുകളുടെ വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10260000 | 10260000 | 8709934 | 1550066 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3652769 | 3652769 | 3479394 | 173375 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 8996 | 8996 | 0 | ഗുണഭോക്താക്കൾ ഇല്ല |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9901000 | 9901000 | 9660554 | 240446 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2591000 | 2591000 | 2575772 | 15228 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 4745110 | 4745110 | 4709047 | 36063 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 1922291 | 1922291 | 1887491 | 34800 |
| സാക്ഷരത | 14731 | 125 | 14856 | 12000 | 2856 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | - | - | - | - | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9730983 | 9730983 | 9730983 | (unstilled wages) |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 367 | 1033448 | 1033815 | 1031736.40 | 2078.60 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 50959 | 30000 | 80959 | 0 | 80959 |
| ICDS | | 298371 | 488182 | 786553 | 403469 | 383084 |
| M P FUND | | | | | | |
| PYCKA | | | | | | |
| NMBS | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജലനിധി | | 4555614 | 4420080 | 8975694 | 6083834 | 2891860 |
| Ayurvedam | | | | | | |
| MLA Fund | | NIL | 499686 | 499686 | 472143 | 27543 |
| Keralolsavam | | 15000 | 23050 | 38050 | 32025 | 6025 |
| Vimukthi | | 0 | 12500 | 12500 | 0 | 12500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 760000 | 760000 | 678847 | 811853 |
| | ജില്ലാ പഞ്ചായത്ത് | 17467 | 330000 | 347467 | 275901 | 71566 |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 36360 | 36360 | 36360 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 390000 | 390000 | 390000 | NIL |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 172662 | 172662 | 172662 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | - | - | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്SBI | 6109486 | 10069456 | 16178942 | 13219326 | 2959616 |
| | കാനറ ബാങ്ക് | - | | | | |
| | കോ-ഓപ്പറേറ്റിവ് ബാങ്ക് | - | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |
| | ട്രഷറി STSB | 4976280 | 12062786 | 17039066 | 16131124 | 907942 |
| | J V STSB | | 1090000 | 1090000 | 1090000 | 0 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | | | ശതമാനം |
|---|---|---|---|---|---|---|
| 162 | 47140816 | 130 | 35168655 | 7 | 24 | 80.25 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 367 | 1033448 | 1033815 | 1031737 | 2078 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 9730983 | 9730983 | 9730983 | - |

Unskilled wages only.

## 1-8 ക്ഷേമ പെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 36360 | 68 |
| കർഷകത്തൊഴിലാളി പെൻഷൻ | 6840600 | 630 |
| വിധവ പെൻഷൻ | 10955200 | 1003 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 13 |
| വാർദ്ധക്യ കാല പെൻഷൻ | 18008000 | 1629 |
| വികലാംഗ പെൻഷൻ | 3126400 | 290 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 626700 | 77 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.05.19 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,091/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്പിൽ ഓവർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതു മൂലം തൻവർഷത്തിൻ നടപ്പാക്കിയ മുഴുവൻ പൊതുമരാമത്ത് പ്രവൃത്തികൾക്കും തുക നൽകാൻ സാധിച്ചില്ല. പ്രവൃത്തികൾ സ്പിൽ ഓവറാകുന്ന പ്രവണത ഒഴിവാക്കണം. പദ്ധതി പുരോഗതി വിലയിരുത്തുന്നതു സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ നൽകിയോഎന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. തനതു ഫണ്ട് കുറഞ്ഞ പഞ്ചായത്ത് എന്ന നിലയിൽ പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും സേവന ഉപനികുതികൾ ചുമത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്. ധന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതായി കാണുന്നില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ച

പഞ്ചായത്തായതിനാൽ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. നിലവിൽ പെർമിറ്റ്, വസ്തു നികുതി എന്നിവയാണ് പഞ്ചായത്ത് ഓൺ ലൈൻ വഴി സേവനം നൽകുന്നത്. കൂടുതൽ സേവനങ്ങൾ ഓൺ ലൈൻ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 26/01/2019 | 2018 ഡിസംബർ | 02/2019 |
| അക്കൗണ്ടന്റ് ജനറൽ | | 2009-2010 | 22-12-2011 |

## 1-12 വാർഷിക കണക്ക് അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതം, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (ചട്ടം 62 (എഫ്) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ).

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം (2,00,96,398.00) പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

3. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും (1,12,07,481.00), വാർഷിക പത്രികയിൽ പറയുന്ന മുന്നിരിപ്പ്-നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവുമായി (88,93,333.00) പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.

4.സഞ്ചയ, സാംഖ്യ, വാർഷികകണക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

വസ്തു നികുതി (തൻവർഷം)

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| സഞ്ചയ | AFS | സഞ്ചയ | AFS | സഞ്ചയ | AFS |
| 2410740 | 2410373 | 2239699+ 164382 Adv. Adj.<br>2404081 | 2239699 | 7718 | 14700 (Non-residential-ലെ കുടിശ്ശിക മാത്രമാണ് AFS-ൽ കാണിച്ചിരിക്കുന്നത് |

5.വസ്തുനികുതി കുടിശ്ശികയിൽ താഴെ പറയും പ്രകാരം അപാകത കാണുന്നു.

| വസ്തു നികുതി ഇനം | 2016-17 ലെ ബാലൻസ് ഷീറ്റ് പ്രകാരം | 2017-18 ലെ അരിയർ | 2017-18ലെ അരിയർ ബാലൻസ് |
|---|---|---|---|

| | കുടിശ്ശിക | കളക്ഷൻ | (ബാലൻസ് ഷീറ്റ് പ്രകാരം) |
|---|---|---|---|
| താമസാവശ്യത്തിനുള്ളവ | 1003113 (LC ഉൾപ്പെടെ) | 369808 | 0 |
| താമസേതരം | 0 | 455988 | 61398 (LC ഉൾപ്പെടെ) |

ഇപ്രകാരം വസ്തു നികുതി കുടിശ്ശികയിൽ വന്ന പൊരുത്തക്കേടിന് വിശദീകരണം നൽകേണ്ടതാണ്.

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 ൽ ഉൾപ്പെടുത്തിയിട്ടുള്ള state govt.cesses&levies in property tax എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള (3659) രൂ ലൈബ്രറി സെസ് തുക പ്രസ്തുത ഷെഡ്യൂളിലെ വസ്തുനികുതി കുടിശ്ശിക തുകകളുടെ ആകെ തുകX5/105 ന് തുല്യം ആയിരിക്കേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതി ലൈബ്രറി സെസ് എന്നിവയുടെ ഡിസിബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തുനികുതിയുടെ 5% എന്ന നിരക്കിൽ ലൈബ്രറി സെസ് രേഖപ്പെടുത്താത്തതിനാലാണ് ഇപ്രകാരം വ്യത്യാസം സംഭവിക്കുന്നത്. സോഫ്റ്റ് വെയറിൽ കണക്ക കൂട്ടുന്ന തുകയിൽ വ്യത്യാസം വരുന്നതിനാലാണ് B-15-ൽ വ്യത്യാസം സംഭവിച്ചിരിക്കുന്നത്.

7. Income &Exprditure അക്കൗണ്ട് പ്രകാരം Prior Period item എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജറുകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

| ശീർഷകം ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-18 | Income &Exprditure അക്കൌണ്ട് പ്രകാരം 31.3.18 ലെ നീക്കിയിരിപ്പ് |
|---|---|
| Prior Period income property tax on residential buildings | 113874 |
| Prior Period income-property tax on non residential buildings | 137029 |
| Prior Period income-rent from buildings | 7283 |

8. സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ ഇഷ്യൂ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ക്ളോസിങ്ങ് സ്റ്റോക്കിന്റെ (353119) കൃത്യത പരിശോധിക്കുന്നതിനായി സാധനങ്ങൾ സ്റ്റോക്കിലെടുക്ക-മ്പോൾ ആയതിന്റെ എണ്ണത്തിനു പുറമേ വില കൂടി രേഖപ്പെടുത്തേണ്ടതാണ്.

9. SBT own fund അക്കൗണ്ടിൽ 31.3.2018 cheque issued but not presented into bank എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന ചെക്ക് ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ stale cheque ആയി കാണിക്കേണ്ടതാണ്.

ചെക്ക് നം.247078/2.11.2017-350/-രൂ

10. ജീവനക്കാരുടെ തൊഴിൽ നികുതി -ഇൻകം ആന്റ് എക്സ്പെൻഡിച്ചർ-ൽ കാണിച്ചിരിക്കുന്ന ഡിമാന്റും റസീപ്റ്റ് ആന്റ് പേമെന്റ് അക്കൌണ്ടിലെ കളക്ഷനും പൊരുത്തപ്പെടുന്നില്ല.

11. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതികളുടെ ഉപയോഗം-അപാകതകൾ

കളക്ഷൻ തുക അടവാക്കിയതിൽ കാലതാമസം

ഗ്രാമപഞ്ചായത്ത് നികുതി, വി.ഇ.ഒ ക്ക് നൽകിയ 2400 നമ്പർ രസീതി ബുക്ക് പ്രകാരം 2 മുതൽ 100 രസീതികളിലായി 49,500/- (500 x 99) രൂപ ഈടാക്കിയിരുന്നു. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത് 12.04.19 നാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ ചട്ടം 23, കേരള ഫിനാൻഷ്യൽ കോഡ് വകുപ്പ് 7 പ്രകാരവും കളക്ട് ചെയ്യപ്പെടുന്ന തുക ആ ദിവസം തന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത ദിവസമോ അടവാക്കണമെന്ന് നിർദ്ദേശമുണ്ട്. ചട്ടങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മറ്റ് അപാകതകൾ

1. താഴെപറയുന്ന രസീതികളിൽ തിയതി രേഖപ്പെടുത്താതെ തന്നെ പണം പിരിച്ചതായി കാണുന്നു. ആയതിനാൽ തുക അടവാക്കുന്നതിലെ സമയക്രമം ഉറപ്പാക്കുവാൻ ഓഡിറ്റിനായില്ല. വിശദാംശം ചേർക്കുന്നു.

| രസീതി നമ്പർ | തുക | അടവാക്കിയ തിയതി |
|---|---|---|
| 35290/1 മുതൽ 22 വരെ | 27500 (22 x1250) | 31.03.19 |
| 35290/23 മുതൽ 43 വരെ | 26250 (21x1250) | 12.04.19 |

2. രസീതി ബുക്ക് നമ്പർ 2379/14.06.17 പ്രകാരം ഈടാക്കിയ തുക (50x250=12500) രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും രസീതികളിൽ ഗുണഭോക്താക്കളുടെ പേരുവിവരം രേഖപ്പെടുത്താതെ ഗുണഭോക്തൃ വിഹിതം എന്നുമാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഈ രസീതികൾ കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 1,73,566 രൂപ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ പിരിക്കുന്ന തുകയുടെ ഒരു ശതമാനം തനത് വരുമാനമാക്കിയിരുന്നില്ല. തുടർ വർഷങ്ങളിൽ നിയമപ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

## 2-3 ഡി.ആന്റ്.ഒ ലൈസൻസ് നൽകൽ - പൊതു അപാകതകൾ

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല.

2017-18 ലെ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. വർഷം ഫീൽഡ് പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

2. ഡി & ഒ ലൈസൻസ് പുതിക്കുന്നതിനു സമയക്രമം പാലിക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. 2016-17 ലെ ഡി.ആന്റ്.ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം 488 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായായി കാണുന്നു. 17-18 ലെ അഡ്വാൻസ് ഉൾപ്പെടെയാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2017-18 സാമ്പത്തിക വർഷം സമയപരിധിക്കുള്ളിൽ ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിപ്പിച്ചിരിക്കുന്നത് 38 സ്ഥാപനങ്ങൾ മാത്രമാണ്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. സർക്കാർ നിർദ്ദേശം പാലിച്ചില്ല.

എ) ഗ്രാമപഞ്ചായത്തിന്റെ 14 വാർഡുകളിലായി പ്രവർത്തിക്കുന്ന 277 സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) 80/17/ത.സ്വ.ഭ.വ 31.10.17 പ്രകാരം ലൈസൻസ് ഫീ പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. ഉത്തരവ് കാലയളവിനുശേഷം ലൈസൻസിനായി ലഭിച്ച അപേക്ഷകൾ ടി ഉത്തരവ് പ്രകാരം പരിശോധിച്ച് ഫീ നിർണ്ണയിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ്.

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന III/300 A5 സ്ഥാപനം 2017-18 ൽ ലൈസൻസ് എടുത്തിരുന്നില്ല. പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഡി.ആന്റ്.ഒ ലൈസൻസ് ഉറപ്പാക്കേണ്ടതാണ്.

5. സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ വരവ് ഉറപ്പാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ 6സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 1997 ലെ കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തതായി കാണുന്നില്ല. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ലേലം- മൂല്യനിർണ്ണയം നടത്തിയില്ല

ഗ്രാമപഞ്ചായത്തിലെ പഴയ കസേര, മോട്ടോർ പമ്പ് സെറ്റുകൾ, ബാറ്ററി, ഇലക്ട്രോണിക് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ ലേലം ചെയ്ത ഇനത്തിൽ 14,000 രൂപയുടെ വരവുണ്ട്. എന്നാൽ ഇവയുടെ മൂല്യം എങ്ങനെ നിർണ്ണയിച്ചുവെന്നത് വ്യക്തമല്ല. വസ്തുവകകൾ ലേലം ചെയ്യുന്നതിന് മുമ്പ് മൂല്യനിർണ്ണയം നടത്തി ലേലം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കേണ്ടതാണ്.

2011ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 58(12) പ്രകാരം 300m2 ന് മുകളിലും 1000 m2 താഴെയുള്ളതുമായ ഗണം F കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'O' യിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന് കെട്ടിടഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്റ്റ്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. വാർഡ് 13 ൽ ജോയ് വി.പി എന്നയാളുടെ ഉടമസ്ഥതയിലുള്ള 487.66 m2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 13.12.17 ന് A3/5363/2017 നമ്പറായി കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഫാറം 'O' യിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയില്ല. ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തൊഴിലുറപ്പ് പദ്ധതി പ്രതിമാസ കൺകറന്റ് ഓഡിറ്റ് നടത്താൻ നടപടി സ്വീകരിക്കണം.

04.11.2016 ലെ ഭരണ സമിതി 3(5) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി പ്രകാരം 465 പ്രവൃത്തികൾക്കായി 2.45 കോടി രൂപ അടങ്കൽ തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കായി സാമ്പത്തിക വർഷത്തിൽ 1,11,41,792 രൂപ ചെലവഴിച്ചിട്ടുണ്ട്. ആക്ഷൻ പ്ലാനിൽ വകയിരുത്തിയതിന്റെ 45.37 % തുകയാണ് ചെലവഴിച്ച കാണുന്നത്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 3694 കുടുംബങ്ങൾക്കായി 2017-18 ൽ ആകെ 70248 തൊഴിൽ ദിനങ്ങൾ നൽകുന്നതിന് കർമ്മ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നു. ഇതിൽ 31.34% പ്രവൃത്തികൾ മെറ്റീരിയൽ പ്രവൃത്തികളായിരുന്നു. സാമ്പത്തിക വർഷത്തിൽ 186 പ്രവൃത്തികൾ ആരംഭിച്ചതിൽ 96 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൊഴിലിൽ ഏർപ്പെട്ട 759 പേർക്കായി 37917തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 96 പേർക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. ശരാശരി 49 തൊഴിൽ ദിനങ്ങൾ ഓരോ കുടുംബത്തിനും നൽകാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

2014 ജനവരി 3 ന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ച മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിജ്ഞാപനം പട്ടിക I ക്രമനമ്പർ 25 B പ്രകാരം എല്ലാ പ്രവൃത്തികൾക്കുമായി ഓരോ മാസവും കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും 25 C പ്രകാരം ആറു മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തികളുടെ ഉപയോഗയോഗ്യതകളും(Utility) ഉണ്ടായ നേട്ടവും (Out come)വിലയിരുത്തുന്നതിനും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തി സ്ഥലത്തെ അളവുകളും തമ്മിൽ ഒത്തു നോക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തണമെന്ന് 25C (iii) പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ നടത്തിയ രണ്ട് അർധ വാർഷിക സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളും ഭരണ സമിതി അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ ഭൗതിക പരിശോധന സംബന്ധിച്ച് നടത്തേണ്ടുന്ന പ്രതിമാസ കൺകറന്റ് ഓഡിറ്റിന്റെ റിപ്പോർട്ടുകൾ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായില്ല. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തു പരിധിയിൽ നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളും ദീർഘ നാളുകൾക്ക് ശേഷം സ്ഥലപരിശോധന നടത്തി അളവു പുസ്തക രേഖപ്പെടുത്തലുകളുമായി ഒത്തു നോക്കാൻ സാധിക്കാത്തവയാണ് എന്നതിനാൽ സമയബന്ധിതമായി പ്രതിമാസ കൺകറന്റ് ഓഡിറ്റുകൾ നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

20.12.2013 ൽ കേന്ദ്രസർക്കാർ പുറപെടുവിച്ച വിജ്ഞാപന പ്രകാരം തൊഴിലുറപ്പ് നിയമം 2005 ലെ ഷെഡ്യൂൾ I & II ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളെയും, പദ്ധതിയുടെ ഭാഗമായി നടത്തിയ ചെലവുകളും ഗ്രാമസഭ, തദ്ദേശ സ്വയംഭരണസ്ഥാപനം എന്നിവ അംഗീകരിക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതികൾക്കായി പ്രത്യേക ഗ്രാമസഭകൾ ചേർന്നതായി കാണുന്നുണ്ടെങ്കിലും പൊതു ഗ്രാമസഭകളിൽ തൊഴിലുറപ്പ് സംബന്ധിച്ച വിവരങ്ങൾ അവതരിപ്പിച്ചതായി രേഖപ്പെടുത്തി കാണുന്നില്ല. തൊഴിലുറപ്പ് സംബന്ധിച്ച വിവരങ്ങൾ പൊതു ഗ്രാമസഭകളിലും കൂടി അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സാമ്പത്തിക വർഷത്തിൽ വിവിധ കാറ്റഗറികളിലായി നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | തോട് പുനരുദ്ധാരണം | 12 |
| 2 | വൃക്ഷതൈകൾ വച്ചു പിടിപ്പിക്കൽ | 5 |
| 3 | ഫലവൃക്ഷതൈകളുടെ നഴ്സറി | 5 |
| 4 | കുളം,കിണർ നിർമ്മാണം | 11 |
| 5 | റോഡ് കോൺക്രീററിംഗ് | 3 |
| 6 | ഭൂവികസന പ്രവർത്തനങ്ങൾ | 19 |

| | | |
|---|---|---|
| 7 | ഭവന നിർമ്മാണ പ്രവർത്തനങ്ങൾ | 21 |
| 8 | കല്ലുസ് നിർമ്മാണം | 79 |
| 9 | സ്പിൽ ഓവർ പദ്ധതികൾ | 31 |
| | ആകെ | 186 |

## 3-2 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ മുഴുവൻ പൊതു മരാമത്ത് പ്രവൃത്തികൾക്കും തുക നൽകിയില്ല.

ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തികൾ | സ്പിൽ ഓവർ | പുതിയവ | ആകെ | പൂർത്തിയാക്കാത്തവ |
|---|---|---|---|---|
| റോഡ് പ്രവൃത്തികൾ | 18 | 56 | 74 | 20 |
| കാന നിർമ്മാണം | 3 | 2 | 5 | 0 |
| കെട്ടിടം/കിണർ /എൽ.ഐ. മെയിന്റനൻസ് | 8 | 21 | 29 | 8 |
| ആകെ | 29 | 79 | 108 | 28 |

പഞ്ചായത്ത് ലഭ്യമാക്കിയ സുലേഖ ചെലവ് പത്രിക പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ 108 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് ആകെ 2.77 കോടി രൂപ വകയിരുത്തിയതിൽ 1.92 കോടി രൂപ ചെലവഴിച്ചതായി കണ്ടു. സ്പിൽ ഓവർ പദ്ധതിയിൽ ഒന്നും തൻവർഷത്തിൽ 27 ഉം പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടില്ല. എന്നാൽ അസി. എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഫണ്ടിന്റെ അഭാവം മൂലം 17-18 വർഷത്തിൽ പൂർത്തിയാക്കിയ 21 മരാമത്ത് പ്രവൃത്തികൾക്കായി 55,51,043 രൂപ 18-19 സാമ്പത്തിക വർഷത്തിലാണ് പിൻവലിച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ സ്പിൽ ഓവർ പദ്ധതികൾക്കായി പ്രത്യേകം തുക ലഭ്യമല്ലെന്നിരിക്കെ അലോട്ട്മെന്റ് ലഭിക്കുന്നതിനേക്കാൾ കൂടുതൽ തുകയുള്ള പ്രോജക്ടുകൾ തയ്യാറാക്കിയതിനാലാണ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രോജക്ടുകൾക്ക് കൂടി തുക നൽകാൻ സാധിക്കാതിരുന്നത്. പ്രോജക്ടുകൾ സ്പിൽ ഓവറാക്കി മാറ്റുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ജലനിധി ഗുണഭോക്താക്കളിൽ നിന്നും സമയബന്ധിതമായി വെള്ളക്കരം പിരിച്ചെടുക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ബാധ്യത വർധിക്കുന്നു.

കുഴൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി മുഖേനയുള്ള ജലവിതരണം 2017 ആഗസ്റ്റ് 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൊതുടാപ്പുകൾ ഉപയോഗിച്ചിരുന്ന ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകി ഗ്രാമപഞ്ചായത്തുകളിലെ വിവിധ കോളനി പ്രദേശങ്ങളിലെ 3 പൊതുടാപ്പുകൾ ഒഴികെയുള്ളവ റദ്ദ് ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്ത് SLEC (സ്കീം ലെവൽ എക്സ്പെർട്ട് കമ്മിറ്റി) യുമായും, KWA( കേരള വാട്ടർ അതോറിറ്റി) യുമായും ഉണ്ടാക്കിയ കരാർ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ കരം SLEC പിരിച്ചെടുത്ത് പഞ്ചായത്തിൽ അടക്കുകയും ബൾക്ക് മീറ്റർ റീഡിംഗ് പ്രകാരം KWA ക്ക് നൽകേണ്ട തുക ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്യണം. ജലവിതരണം സംബന്ധിച്ച കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഗാർഹിക/ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും നാളിതുവരെ 21,73,770 രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നു. അതേ സമയം വാട്ടർ അതോറിറ്റിക്ക് ഗ്രാമപഞ്ചായത്ത് വെള്ളക്കരമിനത്തിൽ 23,30,261 രൂപ നൽകാനുള്ളതായും കാണുന്നു. സമയബന്ധിതമായി ഉപഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുക്കാനാവാത്തതുമൂലമാണ് വാട്ടർ അതോറിറ്റിക്കു നൽകാനുള്ള തുക നൽകാൻ സാധിക്കാത്തതെന്ന് കാണുന്നു. 42 ഗാർഹികേതര കണക്ഷനുകൾ ഉൾപെടെ ആകെ 2860 കണക്ഷനുകൾ ജലനിധിക്കുണ്ട്. ഇതിൽ 600 കണക്ഷനുകൾ പഴയ വാട്ടർ അതോറിറ്റിയുടെ കണക്ഷനുകൾ കൈമാറി കിട്ടിയിട്ടുള്ളതാണ്. വാട്ടർ അതോറിറ്റിയുടെ പഴയ കണക്ഷനുകളിലെ മീറ്റർ തകരാറുകൾ ഇപ്പോഴും

പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. SLEC അറിയിച്ചതു പ്രകാരം ബൾക്ക് മീറ്റർ റീഡിംഗിന്റെ 35% തുക മാത്രമേ ബില്ലിംഗ് നടത്തുന്നതിന് സാധിക്കുന്നുള്ളൂ. (പ്രതിമാസം ശരാശരി 13 MLD മാത്രമാണ് ബില്ലിംഗ് നടത്തുന്നത്) വാട്ടർ അതോറിറ്റിയുടെ പഴയ ഡിസ്ട്രിബ്യൂഷൻ ലൈനുകളിൽ പ്രത്യക്ഷത്തിൽ കാണാൻ സാധിക്കാത്ത ലീക്കേജ് മൂലമോ, അനധികൃത ജല ചൂഷണം മൂലമോ, അതോറിറ്റി ലഭ്യമാക്കുന്ന ജലത്തിന് (പ്രതിമാസം ഏകദേശം 31.8 മില്ല്യൺ ലിറ്റർ (2.12mld*15=31.8)) ആനുപാതികമായി ബില്ലിംഗ് നടത്തുന്നതിനോ ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കാനോ സാധിക്കുന്നില്ല. നിലവിൽ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റി 6രൂപ/കിലോ ലിറ്റർ നിരക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നും തുക ഡിമാന്റ് ചെയ്യുന്നുണ്ട്.

ജലനിധി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന് ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനു മുൻപു തന്നെ നിലവിലുള്ള കുടിശ്ശികകൾ സെറ്റിൽ ചെയ്യുമെന്ന് അതോറിറ്റി ഉറപ്പു നൽകിയിരുന്നെങ്കിലും ആയത് പ്രാബല്യത്തിലായിട്ടില്ല. ടി കുടിശ്ശിക ഉൾപ്പെടെയാണ് നിലവിൽ 23.3 ലക്ഷം രൂപ കുടിശ്ശിക വാട്ടർ അതോറിറ്റി കണക്കാക്കിയിട്ടുള്ളത്. (ബിൽ നം. 1/4/19 KWA,PH.Dvn/AEE/Mala. പ്രകാരം) സെറ്റിൽ ചെയ്യാവുന്ന മുൻ കുടിശ്ശിക, ലീക്കേജ് ആയി ബില്ലിൽ കുറവ് ചെയ്യേണ്ട തുക എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും വ്യക്തമായ തീരുമാനം ലഭിച്ചിട്ടില്ല. യഥാർത്ഥത്തിൽ ഇത്തരത്തിൽ തുടരുന്ന പക്ഷം ഗ്രാമപഞ്ചായത്തിന് ജലനിധിയുടെ നടത്തിപ്പ് വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നത് ഉറപ്പാണ്. തനതു ഫണ്ട് വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ ഉണ്ടാകുന്ന ബാധ്യത മറികടക്കാൻ ബുദ്ധിമുട്ടാണ്.

SLEC യുടെ അക്കൗണ്ട് നം. 55766 കുഴൂർ SCB പ്രകാരം 31.3.19 ന് 3,30,433 രൂപയാണ് നീക്കിയിരുപ്പുള്ളതായി കാണുന്നത്.

ശുപാർശകൾ.

1. ജലചൂഷണം തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെഭാഗമായി ആവശ്യമായ ബൾക്ക് മീറ്ററുകൾ ഡിസ്ട്രിബ്യൂഷൻ ലൈനുകളിൽ താൽക്കാലികമായി സ്ഥാപിക്കണം,

2. ആന്റി തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് ജലചൂഷണം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം.

3.വെള്ളക്കരം പിരിവ്, അടവ്, ചെലവുകൾ സംബന്ധിച്ച കാര്യക്ഷമമായ പരിശോധന/ ഇടപെടൽ എന്നിവ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും കൃത്യമായ ഇടവേളകളിൽ ഉണ്ടാകണം.

4. വെള്ളക്കരം പിരിവ് കാര്യക്ഷമമായും സമയബന്ധിതമായും നിർവ്വഹിക്കുന്നതിന് സ്പോട്ട് ബില്ലിംഗ്, ഓൺ ലൈൻ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.നിലവിൽ ഗ്രാമപഞ്ചായത്തിന് വാട്ടർ അതോറിറ്റി നിശ്ചയിച്ച നിരക്ക് പ്രകാരം ജലവിതരണം നടത്തുന്നത് ലാഭകരമായി കാണുന്നില്ല. പഞ്ചായത്തിന്റെ അതിർത്തിയിൽ ജലസ്രോതസ്സായി ചാലക്കുടി പുഴ നിലവിലുള്ളതിനാൽ സ്വന്തമായി പമ്പ്ഹൗസ്, ജലവിതരണ ടാങ്ക് എന്നിവ സ്ഥാപിച്ച് ലാഭകരമായി ജലവിതരണം നടത്താൻ ഗ്രാമപഞ്ചായത്തിന് കഴിയുമെന്നതിനാൽ ഇത്തരം സാധ്യതകൾ പരിശോധിച്ച് ഭാവിയിൽ സ്വന്തമായി ജലവിതരണം നടത്തുന്നതിന് ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ സാധ്യതാ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

SLECയുടെ ഭാഗത്തു നിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നാൽ വാട്ടർ അതോറിറ്റിക്ക് തുക അടവാക്കേണ്ട ഉത്തരവാദിത്വമുള്ള ഗ്രാമപഞ്ചായത്ത് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. ജലനിധി നിലവിൽ വന്നതോടെ പഞ്ചായത്ത് രാജ് നിയമങ്ങളിലെ പട്ടിക. 3 പ്രകാരം ജലവിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി മാറിയിരിക്കുകയാണ്. SLEC യുടെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് വിലയിരുത്തൽ നടത്തിയിട്ടില്ല. ജലചൂഷണം/മോഷണം നടത്തുന്നത് കണ്ടെത്തുന്നതിന് ആന്റി തെഫ്റ്റ് സ്ക്വാഡ് രൂപീകരിക്കുകയോ, കുടിശ്ശിക അടവാക്കാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും ജലവിതരണം കാര്യക്ഷമമായി നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ലാപ്പ് ടോപ്പ് വാങ്ങൽ - ഗുണനിലവാരം ഉറപ്പാക്കിയില്ല

പ്രൊജക്ട് നമ്പർ So 21/18

ചെലവ് 213000 (എസ്.സി.പി)

ബിൽ നമ്പർ 2/17-18/26.07.17

എച്ച്.എം നിർവഹണം നടത്തിയ പദ്ധതിയിൽ 10 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ടി പദ്ധതിക്കായി നടത്തിയ ടെണ്ടറിൽ കുറവ് തുക രേഖപ്പെടുത്തിയ Apple Bees എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിക്കപ്പെട്ടത്. 1.02.17 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ 21300 രൂപ വില വരുന്ന Acer, old version processor അംഗീകരിച്ച തീരുമാനമെടുത്തു കാണുന്നു. ടി തീരുമാനം ഭരണസമിതിയുടെ 7.02.17 ലെ 1(5) തീരുമാനപ്രകാരം അംഗീകരിക്കപ്പെട്ടു. 20.2.17 ൽ ഈ സ്ഥാപനവുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടുകയുമുണ്ടായി.

Acer കമ്പനിയുടെ ഈ ലാപ്പ്ടോപ്പ് വിപണിയിൽ നിന്നും പിൻവലിച്ചതിനാൽ അതേ സ്പെസിഫിക്കേഷനിലുള്ള വേറെ കമ്പനിയുടെ ലാപ്പ്ടോപ്പ് ലഭ്യമാക്കാമെന്ന Apple Bees കമ്പനിയുടെ ആവശ്യം ഭരണസമിതിയുടെ 12.07.17 തീരുമാനം (2) പ്രകാരം അംഗീകരിച്ച് Asus എന്ന കമ്പനിയുടെ ലാപ്പ്ടോപ്പ് ഇതേ റേറ്റിൽ വിതരണം നടത്തി.

ലഭ്യമാക്കിയ ലാപ്പ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ ഉറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഫയലിലില്ല. വിതരണം ചെയ്യുന്നതിന് മുമ്പ് ലാപ്പ് ടോപ്പിന്റെ സ്പെസിഫിക്കേഷൻ സാങ്കേതിക വിദഗ്ധർ പരിശോധിച്ച് ഉറപ്പാക്കിയില്ല. ഗുണനിലവാരവും ഉപയോഗക്ഷമതയും ഉറപ്പാക്കാതെ കമ്പനിയുടെ old version പ്രോക്യൂർമെന്റ് കമ്മിറ്റി തെരഞ്ഞെടുത്തത് ഉചിതമായില്ല. ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയ 2 ലാപ്പ്ടോപ്പുകളിൽ ഒരു ലാപ്പ്ടോപ്പിന്റെ key board, Touchpad, Display screen എന്നിവ ശരിയായി പ്രവർത്തിക്കുന്നില്ല. പദ്ധതിപണം ചെലവഴിക്കുമ്പോൾ ഗുണനിലവാരവും ഉപയോഗക്ഷമതയും ഉറപ്പാക്കാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതിനം./പദ്ധതിയുടെ പേര് | ബിൽ നമ്പർ/തീയതി/തുക | റിമാർക്സ് |
|---|---|---|
| IKMവരിസംഖ്യ നൽകൽ | 3/21.7.17-49045/- | IKM എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയത് |
| ABC പ്രോഗ്രാം വിഹിതം നൽകൽ | 16/30.8.17-25000/- | ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത് |
| IMA ബ്ലഡ് ബാങ്ക് | 17/30.8.17-100000/- | ,, |
| ബഡ്സ് റീഹാബിലിറ്റേഷൻ | 19/26.9.17-100000/- | ,, |
| ആകെ | 2,74,045/- | |

## 3-6 പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി സോഡിയം വേപ്പർ ലാമ്പ് ഉപകരണങ്ങൾ വാങ്ങി.

പദ്ധതി നമ്പർ-89/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ-41/24.3.2018-3,98,784/-രൂ

തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം സോഡിയം വേപ്പർ ലാമ്പ് അനുബന്ധ ഉപകരണങ്ങൾ അടക്കം വിവിധ സാമഗ്രികൾ എബിസി മാർക്കറ്റിങ്ങ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നമ്പർ-2938/14.3.2018) വാങ്ങിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് 80/17 *തസ്വഭവ* 3.4.17 ഖണ്ഡിക 12.8(1) പ്രകാരം സോഡിയം വേപ്പർ ലാമ്പ് അറ്റകുറ്റപ്പണിക്കുള്ള ഉപകരണങ്ങൾ തനത് ഫണ്ട് ഉപയോഗിച്ചാണ് വാങ്ങേണ്ടത്. (എൻക്വയറി നമ്പർ-2/29.4.19). എൻക്വയറിക്ക് മറുപടിയായി തനത് ഫണ്ട് കുറവായതിനാലാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആകെ പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയതിന് ചെലവായത് 3,828 /-രൂ മാത്രമാണ്. വാങ്ങിയ സോഡിയം വേപ്പർ ലാമ്പ് ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. ഉപകരണങ്ങൾ ആവശ്യകതക്കനുസരിച്ചും മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന രീതിയിലും വാങ്ങുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-7 പഞ്ചായത്ത് ഓഫീസിലേക്ക് യുപിഎസ് ബാറ്ററി വാങ്ങൽ-പഴയ ബാറ്ററികൾ തിരികെ കൊടുത്തില്ല.

പദ്ധതി നമ്പർ-167/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ-34/12.1.2018-64,085/-

35/12.1.2018-81,115/-രൂ

യുപിഎസിന് ബാറ്ററി വാങ്ങൽ പദ്ധതി പ്രകാരം 12v 180AH ട്യൂബുലാർ ബാറ്ററി 1എണ്ണവും 12v 120AH ട്യൂബുലാർ ബാറ്ററി 4 എണ്ണവും ഹൈക്കൺ ഇൻഡ്യ തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ-HOC-01453/18.12.2017-145200/-രൂ). ഫയൽ പരിശോധിച്ചതിൽ ടെൻഡറിൽ പങ്കെടുത്ത 4 സ്ഥാപനങ്ങളിൽ രണ്ടാമത്തെ കുറവ് നിരക്ക് രേഖപ്പെടുത്തിയ( 1,46,700/-രൂ) ഫോട്ടോൺ എനർജി സിസ്റ്റംസ് തൃശ്ശൂർ എന്ന സ്ഥാപനം പഞ്ചായത്തിലെ പഴയ ബാറ്ററികൾക്ക് ബൈബാക്ക് തുകയായി 16,000/-രൂ രേഖപ്പെടുത്തിയിരുന്നു. എന്നാൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ഹൈക്കണിൽ നിന്നാണ് ബാറ്ററി വാങ്ങിയത്. പ്രസ്തുത സ്ഥാപനം പഴയ ബാറ്ററികൾ തിരിച്ചെടുത്തുവോ എന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ(നം.2/29.4.19)പഴയ ബാറ്ററികൾ ക്ളീൻ കേരള മിഷന് നൽകിയതായി മറുപടി നൽകി. പഴയ ബാറ്ററികൾക്ക് വില ലഭിക്കുമെന്നിരിക്കെ ഹൈക്കൺ കമ്പനിയോട് പ്രസ്തുത ബാറ്ററികൾ തിരിച്ചെടുക്കുന്ന വിഷയത്തിൽ ചർച്ച നടത്തിയിരുന്നുവെങ്കിൽ നൽകേണ്ട തുകയിൽ കുറവ് വരുമായിരുന്നു. ഭാവിയിൽ ഇത്തരം വിഷയങ്ങളിൽ ആവശ്യമായ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 ഫോഗിങ്ങ് മെഷീൻ വാങ്ങിയത് ഉപയോഗിച്ചിട്ടില്ല

പദ്ധതി നമ്പർ-73/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പിഎച്ച്സി

ബിൽ നമ്പർ-10/9.2.2018

മേൽ പദ്ധതി പ്രകാരം ആഞ്ഞിപറമ്പിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഫോഗിങ്ങ്മെഷീൻ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ-TF86255-48000/-രൂ) പ്രസ്തുത ഉപകരണത്തിന്റെ ഉപയോഗം സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന്(നം.1/29.4.2019)മെഷീൻ നാളിതുവരെ ഉപയോഗിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1 വർഷമാണ് പ്രസ്തുത മെഷീന്റെ വാറണ്ടി കാലാവധി. സാധനസാമഗ്രികൾ വാങ്ങുമ്പോൾ അവയുടെ ആവശ്യകതക്കനുസരിച്ച് മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ-ഒരു വ്യക്തിക്ക് ഒരേ ദിവസം രണ്ട് ആവശ്യങ്ങൾക്ക് കാർ വാടക അനുവദിച്ചു.

പദ്ധതി നമ്പർ- 51/17-18 (പെയ്ൻ ആന്റ് പാലിയേറ്റീവ്)

പദ്ധതി നമ്പർ- 55/17-18 (സമഗ്ര ആരോഗ്യപദ്ധതി -ഇമ്മ്യൂണൈസേഷൻ)

രണ്ട് പദ്ധതികളിലും വണ്ടി വാടകക്കെടുത്ത ശ്രീ സേവ്യർ KL-46-1046 എന്ന വ്യക്തിക്ക് ഒരേ ദിവസം ഓടിയതിന് വാടക നൽകി. വിശദാംശം താഴെ ചേർക്കുന്നു.

| തീയതി | പെയ്ൻ ആന്റ് പാലിയേറ്റീവ് ഓടിയതിന് നൽകിയ വാടക | ഇമ്മ്യൂണൈസേഷന് ഓടിയതിന് നൽകിയ വാടക | ബിൽ നമ്പർ-തീയതി |
|---|---|---|---|
| 12.10.2017 | 1000രൂ(9.30 മുതൽ4.30 വരെ) | 500/-(ട്രിപ്പ് ഷീറ്റിൽ സമയം ഇല്ല) | 6/27.11.17&7 /27.11.17 |
| 20.10.17 | 1000 | 300 | ,, |
| 21.11.17 | 1000 | 500 | 8/18.1.18&9 /18.1.18 |
| 19.1.18 | 1000 | 300 | 11/21.2.18&12 /21.2.18 |
| | ആകെ | 1600 | |

പെയ്ൻ ആന്റ് പാലിയേറ്റീവ് പദ്ധതിക്കായി 9.30 മുതൽ 4.30 വരെയുള്ള സമയത്ത് ഓടിയത് ട്രിപ്പ് ഷീറ്റിലും പാലിയേറ്റീവ് ഡയറിയിലും രേഖപ്പെടുത്തിയതിനാൽ ആയത് അംഗീകരിക്കുന്നു. അന്നേ ദിവസം ഇമ്മ്യൂണൈസേഷന് ഓടിയതിന് നൽകിയ തുക നിരാകരിക്കുന്നു. (1600/-രൂ).12.10.17 ൽ ഓടിയത് തെറ്റായി രേഖപ്പെടുത്തിയതാണെന്ന് എൻക്വയറിക്കുള്ള മറുപടിയിൽ രേഖപ്പെടുത്തിയെങ്കിലും ബന്ധപ്പെട്ട ഫയൽ കാണിച്ച് ബോധ്യപ്പെടുത്താത്തതിനാൽ അംഗീകരിക്കുന്നില്ല.

## 3-10 <u>ഹോമിയോ മരുന്നുകൾ പ്രളയത്തിൽ നശിച്ചു</u>

പദ്ധതി നമ്പർ-0/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ഹോമിയോ

ബിൽ നമ്പർ-1/27.2.18-3,00,000/-

ഹോംകോയ്ക്ക് മേൽ ബിൽ പ്രകാരം തുക മാറി മരുന്ന് ലഭ്യമാക്കുന്നതിനായി നൽകി. തുടർന്ന് മരുന്ന് ലഭ്യമാകാത്തതിനാൽ കത്തുകൾ നൽകിയിട്ടുണ്ട്. (നം 56/17-18/GHDK/27.218&VX.91/17-18 /GHDK/18.9.18).ആയതിന് മറുപടിയായി 26.9.18 ൽ KRSപാഴ്സൽ സർവ്വീസ് ചാലക്കുടി പ്രളയത്തിൽ മരുന്നുകൾ നശിച്ചതായി മറുപടി നല്കി. ഈ വിവരം ഹോംകോയെ അറിയിക്കുകയും നം.98/17-18/ GHDK/26.10.2018 മരുന്ന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഹോംകോ മരുന്ന് ലഭ്യമാക്കാമെന്ന് ഫോണിൽ അറിയിച്ചതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 <u>തുടർസാക്ഷരത, തുല്യതാപഠനം പദ്ധതി - അപാകതകൾ</u>

പ്രൊജക്ട് നമ്പർ 76/18

ചെലവ് 16,650

ബിൽനമ്പർ 6/17-18/21.3.18

എച്ച്.എം നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ പത്താംക്ലാസ് തുല്യതാ പഠനത്തിന് ഒരാൾക്ക് 1,850/- രൂപവീതം9 ഗുണഭോക്താക്കൾക്കായി 16,650/- രൂപ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. സാക്ഷരത മിഷനിൽ നിന്നുള്ള കൈപ്പറ്റ് രസീതി വിവരം ഇല്ല.

2. അറ്റൻഡൻസ് പ്രകാരം 9 ഗുണഭോക്താക്കളിൽ 4 പേർ മാത്രമേ ക്ലാസിൽ ഹാജരായിട്ടുള്ളൂ.

3. ഗുണഭോക്താക്കൾ പരീക്ഷ എഴുതി എന്നുറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രേരകിൽ നിന്നും രേഖകൾ ലഭ്യമായിട്ടില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 രശീതി ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ 3/18 ആശ്രയ ഭവനനിർമ്മാണം എന്ന പദ്ധതി പ്രകാരം 2,50,000/- രൂപ വി.ഇ.ഒ കുഴൂർ സർക്കിൾ കുഴൂർ കുടുംബശ്രീ (സി.ഡി.എസ്) യൂണിറ്റിന് നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 13 മുഖേന പണം നൽകിയതിന്റെ രശീതി ഓഡിറ്റിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ ലഭിച്ച ഏജൻസിയിൽ നിന്നും രശീതി ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | Scholorship for differently abled students | 218847 | 81153 |
| revenue | 2017-18 | 160000 | Milk subsidy | 160000 | nil |
| | 2017-18 | 300000 | Paddy development pgm | 300000 | nil |
| capital | | | | | |
| | 2016-17 | 300000 | Solid waste management | 285250 | 14750 |
| ജില്ലാ പഞ്ചായത്ത് | | | | | |
| revenue | 2016-17,2017-18 | 147467(17467+130000) | Milk subsidy | 130000 | 17467 |
| | 2017-18 | 200000 | Scholorship | 145901 | 54099 |
| capital | | | | | |
| | 2014-15 | 147000 | | 0 | 147000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്-

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | | | | |

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-2010 | ii(1) | 2004-2005 - 2008-2009 | | പിഎഫ്എ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ് മൂലം നഷ്ടം 1.03 ലക്ഷം | തുടർ നടപടി ഇല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5335595 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62228928 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 540695 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ്ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-9 | - | 1600 | ഡോ.സന്ധ്യാദേവി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 49045 | സെക്രട്ടറി, ശ്രീ.പി.വി.വിജയൻ |
| | 225000 | സെക്രട്ടറി, ഹബീബ് അലി.പി.എം |
| 3-11 | 16650 | സലില കെ.എസ്,എച്ച്.എം,ജിപിഎസ് കുണ്ടൂർ |
| 3-12 | 250000 | വി.ഇ.ഒ, കുഴൂർ, നിഖിൽ.പി.വി |
| | 540695 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്/ഉദ്യോഗപ്പേര് | ഇപ്പോഴത്തെ ( ഓഡിറ്റ് സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ഡോ.സന്ധ്യാ ദേവി, മെഡിക്കൽ ഓഫീസർ | പി.എച്ച്.സി, കുഴൂർ | ഇന്ദ്രനീലം, താമരക്കുളം റോഡ്, മന്നം പി.ഒ, പറവൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1969-70,1974-75 മുതൽ 1994-95 വരെ | എൽ.എഫ്.ടി.12-1310/96 തീയതി 29-11-1996 | |

| | | |
|---|---|---|
| 1995-96 | എൽ.എഫ്.ടി.12-1926/97 തീയതി 11-03-1998 | |
| 1996-97 | എൽ.എഫ്.ടി.12-1941/97 തീയതി 21-07-1998 | |
| 1997-98 | എൽ.എഫ്.ടി.13 698/99 തീയതി 24-01-2000 | |
| 1998-99 | എൽ.എഫ്.ടി.പി4-184/14 /14.3.14/ 3.5.14 | 16 |
| 1999-2000 | | 7 |
| 2000-01 | | 4 |
| 2001-02 | | 3 |
| 2002-03 | | 7 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 6 |
| 2006-07 | | 14 |
| 2007-08 | എൽ.എഫ്.ടി.13-640/10 തീയതി 31-03-2011 | |
| 2008-09 | എൽ.എഫ്.ടി.പി.14-1259/11 തീയതി 17-10-2011/18-05-12 | |
| 2009-10 | എൽ.എഫ്.ടി.പി.14-1260/11 തീയതി 17-10-2011/18-05-2012 | |
| 2010-11 | എൽ.എഫ്.ടി.പി.4-2156/12 തീയതി 05-02-2013/12-04-2013 | |
| 2011-12 | എൽ.എഫ്.ടി.പി.4-1401/13 തീയതി 09-12-13/13-01-2014 | |
| 2012-13 | എൽ.എഫ്.ടി.പി.4-1424/2014 തീയതി12-01-15/12-03-15 | |
| 2013-14 | നം കെ.എസ്.എ. ടി.എസ്.ആർ.പി. 4-1327/2015/3.11.15 | |
| 2014-15 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4) 1211/16 തിയതി 24.7.16 | |
| 2015-16 | നം കെ.എസ്.എ. ടി.എസ്.ആർ. (പി.4)92/17തിയതി 27.1.17 | |
| 2016-17 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4)/1227/17 തിയതി 31.07.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ

പ്രകാരവും കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം -2

## ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ | |

| | | |
|---|---|---|
| | സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ